**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2936** **12-07-2022 - ൽ മറുപടിയ്ക്ക്**

**ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.ഉമ തോമസ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭവനരഹിതരായ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | 2010-ൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (NIRD), ഹൈദരാബാദ് നടത്തിയ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29,209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16,359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരും 12,850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിതരുമായിരുന്നു. |
| (ബി) | തീര ശോഷണം മൂലം ഭവനരഹിതരായ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാനുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | തീരശോഷണം മൂലം ഭവന രഹിതരായ 192 കുടുംബങ്ങൾക്ക് മുട്ടത്തറയിൽ ഫ്ലാറ്റ് നിർമ്മിച്ചും 125 കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ ധനസഹായം അനുവദിച്ചും പുനരധിവസിപ്പിച്ചിട്ടുണ്ട്. ഇതിനു പുറമേ തീരദേശത്ത് 50 മീറ്റർ വേലിയേറ്റ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം എന്ന 2450 കോടി രൂപയുടെ ബൃഹദ് പദ്ധതിയും നടപ്പാക്കി വരുന്നു. |
| (സി) | സംസ്ഥാനത്തെ ഭവന രഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും അനുയോജ്യമായ വാസഗൃഹം നിർമ്മിച്ച് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്തെ ഭവന രഹിതരായവർക്കായി വാസഗൃഹം ലൈഫ് പദ്ധതി മുഖേന നിർമ്മിച്ച് നൽകി വരുന്നു. ലൈഫ് പദ്ധതി പ്രകാരം ഭവന പദ്ധതിയ്ക്ക് അർഹരാണെന്ന് കണ്ടെത്തിയ 5744 പേരിൽ 3447 പേർ കരാറിൽ ഏർപ്പെട്ട് ഭവന നിർമ്മാണം ആരംഭിക്കുകയും 1325 പേർ ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ